LIBRARY ARCHIVES Kerala Legislative Assembly

ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചതും നൽകിയതുമായ തുക

73 [791] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയിൽ അവതരിപ്പിച്ച ബജറ്റുകളിലോരോന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രകാരം ഓരോ വർഷത്തേയ്ക്കും നീക്കിവച്ച് തുകയിൽ യഥാർത്ഥത്തിൽ എത്ര ഗഡുക്കളായി എന്തു തുകവീതം ഓരോ വർഷവും നൽകുക യുണ്ടായി;

(സി) ഈ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുകയിൽ മൊത്തം എന്തു തുക ഓരോ വർഷവും തിരിച്ചു പിടിക്കുകയുണ്ടായി; തിരിച്ചു പിടിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02 വർഷത്തിൽ 850 കോടി രൂപയും 2002-03 വർഷത്തിൽ 1,342 കോടി രൂപയും 2003-04 വർഷത്തിൽ 1,317 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ടായിരുന്നു.

(ബി) 2001-02 വർഷത്തിൽ മൂന്ന് തുല്യ ഗഡുക്കളായി മൊത്തം 637.50 കോടി രൂപയും 2002-03-ൽ 1006.50 കോടി രൂപയും 2003-04 വർഷം ഇതുവരെ 10 ഗഡുക്കളായി 1092.68 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ മുൻവർഷത്തെ ഒരു ഗഡു തുകയായ 335 കോടി രൂപ അധിക വിഹിതമായി നൽകിയിട്ടുണ്ട്.

(സി) ഓരോ വർഷവും പ്രത്യേകം പ്രത്യേകം തിരിച്ചുപിടിച്ചിട്ടില്ല. 2003 മാർച്ച് 31 വരെ പഞ്ചായത്തുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻമാരുടെയും പി.ഡി. അക്കൗണ്ടു കളിൽ ചിലവഴിക്കാതെ ശേഷിച്ച് ക്യാരിഫോർവേഡ് ചെയ്ത് കൊണ്ടുവന്ന 842.56 കോടി രൂപ സർക്കാർ മരവിപ്പിച്ചിട്ടുണ്ട്.

പത്താം പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇയർമാർക്ക് ചെയ്ത മൊത്തം തുക

74 [792] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇയർമാർക്ക് ചെയ്ത മൊത്തം തുക എത്ര കോടിയാണ്;

(ബി) ആനുവൽ പ്ലാൻ ഔട്ട്ലേ എത്ര കോടിയുടേതായിരുന്നു;